ഉത്തരം

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ നിലവിൽ ഒഴിവുകളില്ലാത്തതിനാൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

കടമക്കുടിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

53 (3207) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമക്കുടി കോരാനാടം കപ്പേളയ്ക്ക് സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് രൂപരേഖ തയ്യാറാക്കി റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന് (ആർ.ഇ.സി.) സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ആർ.ഇ.സി. ഇക്കാര്യത്തിലുള്ള അഭിപ്രായം സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി ഡി.ഡി.യു.ജി.ജെ.വൈ. സ്കീമിൽ ഉൾപ്പെടുത്തി 9-7-2015-ൽ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ആർ.ഇ.സി. ഇക്കാര്യത്തിലുള്ള അഭിപ്രായം സർക്കാരിനെ അറിയിച്ചിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തിക്ക് ആർ.ഇ.സി.-യുടെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ആർ.ഇ.സി.-യുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കുട്ടനാട്ടിൽ വൈദ്യുതാഘാതംമൂലമുള്ള മരണങ്ങൾ

54 (3208) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ആറുകളുടേയും തോടുകളുടേയും കുറുകെ താഴ്ന്ന കിടക്കുന്ന വൈദ്യുതി ലൈനുകളിൽ നിന്നും ഷോക്കേറ്റ് മരണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly